ശ്രീ. എസ്. ത്യാഗരാജൻ: പോർട്ട് ഡിപ്പാർട്ടുമെന്റിലെ ഹാർബേഴ്സ് ഇഞ്ചിനീയറിംഗ് വിംഗിൽ ജോലി ചെയ്യുന്ന ടെക്നിക്കൽ വിഭാഗത്തിൽപ്പെടുന്ന ആളുകളെ, കഴിഞ്ഞ ആറേഴു വർഷമായി ജോലി ചെയ്യുന്ന ആളുകളെ, ഇതുവരെ സ്ഥിരപ്പെടുത്തിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ.എം. മാണി: സ്ഥിരപ്പെടുത്താൻ കഴിയാത്തത് സാങ്കേതികമായ ബുദ്ധിമുട്ടുകളും ഉള്ളതുകൊണ്ടാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു റിപ്പോർട്ട് പരിഗണിച്ചുകൊണ്ടിരിക്കുകയാണെന്ന്. അത് എന്നത്തേക്ക് തീരുമാനമാകുമെന്നും എന്നത്തേക്ക് നടപ്പിൽവരുത്താൻ സാധിക്കുമെന്നും പറയാമോ?

ശ്രീ. കെ.എം. മാണി: പോർട്ട് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്, മെമ്മോറാണ്ടത്തിന്റെ കാര്യത്തിൽ. അതുടൻ തന്നെ എക്സ്പിഡേറ്റു ചെയ്യാൻ പറയാം.

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്

* 555 [590] ശ്രീ. വക്കം പുരുഷോത്തമൻ:
,, എൻ.ഐ. ദേവസ്സിക്കുട്ടി:
,, എ.എ. റഹീം:
,, കെ.എസ്. നാരായണൻ നമ്പൂതിരി:
,, ഇ. നാരായണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മന്ത്രിസഭയിലെ 14 മന്ത്രിമാർക്ക് ഒട്ടാകെയുള്ള പേഴ്സണൽ സ്റ്റാഫ് എത്ര;

(ബി) മന്ത്രിമാരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്നാവശ്യമായതിൽ കൂടുതൽ അംഗസംഖ്യയാണ് പേഴ്സണൽ സ്റ്റാഫിലുള്ളത് എന്നുള്ള ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ:

(സി) പേഴ്സണൽ സ്റ്റാഫിൽപ്പെട്ട എല്ലാവരും കൃത്യമായി ഓഫീസിൽ ജോലിക്കു ഹാജരാകുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ) 304.

(ബി) അത്തരം ചില പരാമർശങ്ങളും ചില പത്രങ്ങളിൽ കാണുകയുണ്ടായി.

(സി) ഉണ്ട്.

ശ്രീ. എ.എ. റഹീം: പേഴ്സണൽ സ്റ്റാഫ് എന്നു പറയുന്നവർ തിരുവനന്തപുരത്തുമാത്രമാണോ; അതോ മന്ത്രിമാരുടെ സ്വന്തം സ്ഥലത്തുള്ള വസതികളിലും പേഴ്സണൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: അക്കാര്യം എനിക്കറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എ. മജീദ്: ശ്രീ. വക്കം പുരുഷോത്തമനും, ശ്രീ. റഹീമും മന്ത്രിമാരായിരുന്ന കാലത്ത് കാണിച്ചിട്ടുള്ള മാതൃകയനുസരിച്ച് പേഴ്സണൽ സ്റ്റാഫില്ലാതെ ഭരണം നടത്തുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുമോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. എം.വി. രാഘവൻ: പേഴ്സണൽ സ്റ്റാഫിൽ 304 പേരുണ്ടെന്നാണ് പറയുന്നത്. ഈ പട പകുതിയായി ചുരുക്കിക്കൊണ്ട് ചെലവുചുരുക്കുന്നതിനു മാതൃക കാണിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: ഇവിടെ പടയും സൈന്യവുമൊന്നുമില്ല. ഇതൊക്കെ വളരെ ആവശ്യമാണ്, ന്യായമായവയാണ്.

ശ്രീ. പി. ബാലൻ: പേഴ്സണൽ സ്റ്റാഫിലുള്ള ജീവനക്കാർ ആറും ഏഴും കൊല്ലം കഴിഞ്ഞവരാണ്. അവരിൽ പലർക്കും ഏജുബാറാകാൻപോകുന്നു എന്നുള്ളതു പരിഗണിച്ച് അവരെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: നിയമമനുസരിച്ച് അതു സാദ്ധ്യമല്ല. അങ്ങനെ കൊടുക്കുകയുമില്ല.

ശ്രീ. പി.ബി.ആർ. പിള്ള: പേഴ്സണൽ സ്റ്റാഫിൽ ആളുകളെ നിയമിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും മാനദണ്ഡം ഉണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്നുള്ളതിനെ സംബന്ധിച്ച എന്തെങ്കിലും കാഴ്ചപ്പാടുണ്ടോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: കാഴ്ചപ്പാടല്ല, ഗവൺമെന്റിന്റെ തീരുമാനമുണ്ട്, ഓർഡറുണ്ട്. ക്യാബിനറ്റ് തീരുമാനങ്ങളെല്ലാമുണ്ട്. അതനുസരിച്ചാണ് നടന്നുകൊണ്ടിരിക്കുന്നത്.

ഡോ: ജോർജ് മാത്യു: മന്ത്രിമാർക്ക് ഇത്രയേറെ പേഴ്സണൽ സ്റ്റാഫുള്ളപ്പോൾ എം.എൽ.എ. മാർക്ക് പേഴ്സണൽ സ്റ്റാഫ് ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് വളരെയേറെ ഉള്ളതു പരിഗണിച്ച് ഒരു എം.എൽ.എ.ക്ക് ഒരു സ്റ്റാഫെങ്കിലും അനുവദിക്കാൻ ദയവുണ്ടാകുമോ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. ആര്യാടൻ മുഹമ്മദ്: പ്രതിപക്ഷ നേതാവിന് ഇന്നുള്ള സ്റ്റാഫിനു മുഴുവനും ജോലി ഇല്ലെന്നുള്ളതും, കൂടുതലാണെന്നുള്ളതും പരിഗണിച്ച് ഈ സ്റ്റാഫിന്റെ എണ്ണം കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: അത് പ്രതിപക്ഷ നേതാവാണ് തീരുമാനിക്കേണ്ടത്.

കുടുംബി സേവാസംഘത്തിന്റെ നിവേദനം

* 556 [591] ശ്രീ. കണിയാപുരം രാമചന്ദ്രൻ:
,, വി.കെ. രാജൻ:
,, എം.കെ. കേശവൻ:
,, കെ.ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ആഗസ്റ്റ് 8-ന് കുടുംബി സേവാസംഘം സംസ്ഥാനകമ്മിറ്റി, ഗവൺമെന്റിന് സമർപ്പിച്ച നിവേദനത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly